(സി) നിർമ്മാണപ്രവർത്തനം തടസ്സപ്പെട്ടിരിക്കുന്നത് എന്തുകൊണ്ടെന്നറിയിക്കുമോ ;

(ഡി) പ്രസ്തുത റോഡിന്റെ പണി പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) തൃശ്ശൂർ മണലൂർ നിയോജകമണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന കണ്ണോത്ത്-പുല്ല റോഡിന്റെ (മണലൂർ-തൃശ്ശൂർ ലിങ്ക് റോഡ്) നിലവിലെ പ്രവൃത്തിയുടെ കരാർ 28-5-2008-ലെ യോഗ തീരുമാനപ്രകാരം അവസാനിപ്പിച്ചതിനുശേഷം പുനരാരംഭിക്കുന്നതിന് കഴിഞ്ഞിട്ടില്ല. ഏകദേശം 40% പണികൾ ഇതുവരെ പൂർത്തിയായിട്ടുണ്ട്.

(ബി-സി) വിവരം ശേഖരിച്ചുവരുന്നു.

മൊട്ടക്കാവ് പാലത്തിന്റെ പണി

223 (673) ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ഡിവിഷനിലെ മൊട്ടക്കാവ് കുണ്ടുമൺ പാലത്തിന്റെ പണി ഇപ്പോൾ ഏത് സ്ഥിതിയിലാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത പാലത്തിന്റെ പണി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിന്റെ പണി പൂർത്തീകരിക്കുന്നതിന് തടസ്സങ്ങൾ എന്തെങ്കിലുമുണ്ടോ ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് എന്ത് നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മൊട്ടക്കാവ് (കുണ്ടുമൺ) പാലത്തിന്റെ പണി പൂർത്തിയായിവരുന്നു. പാലത്തിന്റെ കൈവരി പിടിപ്പിക്കുന്ന പണിയും സംരക്ഷണ ഭിത്തികളുടെ പണിയും നടന്നുകൊണ്ടിരിക്കുകയാണ്.

(ബി) 2011 ഏപ്രിൽ മാസം പണി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പാലത്തിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരികയാണ്.

മഞ്ഞമ്മാട് പാലത്തിന്റെ നിർമ്മാണം

224 (674) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly